**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2298**
**07.02.2019 - ലെ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി**

**ചോദ്യം :**
**ശ്രീ.വി.അബ്ദുറഹിമാൻ**
**എം.എൽ.എ**

**ഉത്തരം :**
**ഡോ.തോമസ് ഐസക്ക്**
**(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുന്നതിന് നിയോഗിച്ച കമ്മീഷന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ.സതീഷ് ചന്ദ്രബാബു ചെയർമാനും; ശ്രീ.പി.മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്), പ്രൊഫ.ഡി.നാരായണ (ജി.ഐ.എഫ്.റ്റി ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 07.11.2018-ലെ സ.ഉ(പി) നം. 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരികയാണ്. 6 മാസത്തിനകം സമിതി പുനഃ പരിശോധന സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് മുൻപാകെ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി | പ്രസ്തുത കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കാൻ അനുവദിച്ചിരിക്കുന്ന പരമാവധി കാലയളവ് എത്രയാണ്; | |
| സി | കമ്മീഷന്റെ ശിപാർശകൾ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയ്ക്ക് അനുകൂലമായാൽ പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ